## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 453      20.10.2011-ൽ മറുപടിക്ക്.

### കണ്ണൂർ വിമാനത്താവളത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. ഇ .പി. ജയരാജൻ<br>ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ വിമാനത്താവളത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെയാണ് നടപ്പാക്കുന്നതെന്ന് അറിയിക്കുമോ; | (എ) യും (ബി) യും | കണ്ണൂർ വിമാനത്താവള പദ്ധതിക്കു വേണ്ടി Runway, Taxi track, Apron, Terminal Building, Air Traffic Control Tower, Technical Block, Fire Station തുടങ്ങിയ സൗകര്യങ്ങൾ കൂടാതെ വിമാനത്താവളത്തിന് ആവശ്യമായി വരുന്ന Electric Substation, Water Supply, അനുബന്ധ റോഡുകൾ, ചുറ്റുമതിൽ , തുടങ്ങിയ സൗകര്യങ്ങളും ആവശ്യമാണ്. കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് താഴെ പറയുന്ന റോഡുകൾ വികസിപ്പിക്കുന്നതിന് നിർദ്ദേശം നിലിവിലുണ്ട്.<br>1. കണ്ണൂർ - മട്ടന്നൂർ റോഡ് 23.023 കി.മീ<br>2. തലശ്ശേരി -കുടക് റോഡ് (എന്.എച്ച് 38) 35.373 കി.മീ.<br>3. തലശ്ശേരി - ഇരിക്കൂർ റോഡ് -32.00 കി.മീ.<br>4.തളിപ്പറമ്പ് - ധർമ്മശാല-പറശ്ശനിക്കടവ് - കിരങ്കൽക്കുഴി-മയ്യിൽ- കോളോളം - ചാലോട് റോഡ് 27.100 കി.മീ.<br>5. കർണ്ണാടക ബോർഡർ- മട്ടന്നൂർ റോഡ്<br>6. വയനാട് - മട്ടന്നൂർ റോഡ്<br>7. തലശ്ശേരി- നാദാപുരം റോഡ്.<br>8. തലശ്ശേരി മാഹി ബൈപ്പാസ് റോഡ്.<br>പദ്ധതിയുടെ നിർമ്മാണം 2012- ൽ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനുവേണ്ട |
| (ബി) | ഇതിൽ ഏതെല്ലാം പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്; അവശേഷിക്കുന്ന ലാന്റ് അക്വിസിഷൻ, ഈ ഇനത്തിലെ കടം, പലിശ, അടിസ്ഥാന സൗകര്യ പദ്ധതികൾ ഇവയ്ക്കെല്ലാംകൂടി മൊത്തം എത്ര കോടി രൂപ ആവശ്യമായിരിക്കുന്നു; | | |

| | | | |
|---|---|---|---|
| | | | വിശദമായ Project Report, Plan, Design തുടങ്ങിയ കാര്യങ്ങൾ തയ്യാറാക്കുവാൻ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ Airport Authority of India - യെ ഏർപ്പെടുത്തിയിട്ടുണ്ട്. വിമാനത്താവളത്തിന്റെ നിർമ്മാണം തുടങ്ങുന്നതിന് മുൻപായി പരിസ്ഥിതി സംബന്ധമായ അനുവാദം ലഭിക്കേണ്ടത് ആവശ്യമാണ്. ഇതിനുവേണ്ട തയ്യാറെടുപ്പുകൾ കേരള സർക്കാർ സ്ഥാപനമായ CESS -നെ ഏർപ്പെടുത്തിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണത്തിന്റെ ഒരു ഭാഗം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ഭാഗത്തിന്റെ Estimate പൊതുമരാമത്ത് വകുപ്പിൽ നിന്ന് കിട്ടുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനം തുടങ്ങുന്നതാണ്. ജലവിതരണത്തിനുവേണ്ടിയുള്ള വിശദമായ Engineering Report തയ്യാറാക്കുവാൻ Kerala Water Authority യെ നിയോഗിച്ചിട്ടുണ്ട്. ഇതിനു വേണ്ടി അഡ്വാൻസ് തുകയും നൽകികഴിഞ്ഞിട്ടുണ്ട്. Electric Substation ന്റെ ജോലി KSEB ഏറ്റെടുത്തിയിട്ടുണ്ട്.<br>അവശേഷിക്കുന്ന Land Acquisition. അടിസ്ഥാന സൗകര്യ പദ്ധതികൾ തുടങ്ങിയവക്കെല്ലാം കൂടി വേണ്ടി വരുമെന്നു പ്രതീക്ഷിക്കുന്ന ചിലവ് താഴെ കൊടുത്തിരിക്കുന്നു.<br>വിമാനത്താവളം - 1130 കോടി രൂപ<br>കണ്ണൂർ വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കൽ ഏകോപിപ്പിക്കുന്ന ഏജൻസി കിൻഫ്രയാണ്. പ്രസ്തുത പദ്ധതിയുടെ ഒന്നാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ കണ്ണൂർ ജില്ലാ കളക്ടറുടെ നേതൃത്വത്തിലാണ് നടന്നത്. ഇതു പ്രകാരം 192.18 ഏക്കർ ഭൂമി ജില്ലാ ഭരണകൂടം ഏറ്റെടുത്തിയിട്ടുണ്ട്. ഇതേതുടർന്ന് രണ്ടാംഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾ കിൻഫ്രയുടെ നേതൃത്വത്തിൽ ആരംഭിക്കുകയും ഇതു |

| | | | |
|---|---|---|---|
| | | | പ്രകാരം 1085.60 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ 783 ഏക്കർ ഭൂമി കിൻഫ്രയുടെ തന്നെ നേതൃത്വത്തിൽ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>മേൽ പറഞ്ഞവയിൽ രണ്ടാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും (അതായത് 1085.60 ഏക്കർ) മൂന്നാം ഘട്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും (അതായത് 783 ഏക്കർ ഭൂമി) കടം, പലിശ, ഇവയ്ക്കെല്ലാം കൂടി മൊത്തം ഏകദേശം 650 കോടി രൂപ ആവശ്യമായിട്ടുണ്ട്.<br>നിർമ്മിച്ചു കഴിഞ്ഞ ചുറ്റുമതിൽ -18.96 ലക്ഷം രൂപ.<br>ബാക്കിയുള്ള ചുറ്റുമതിൽ നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് Estimate നൽകേണ്ടതായിട്ടുണ്ട്.<br>ജലവിതരണം - 40 കോടി രൂപ (Kerala Water Authority കിയാലിനു നൽകിയ കത്ത് പ്രകാരം).<br>Electric Substation & Allied Facilities - KSEB - ൽ നിന്ന് Estimate കിട്ടിയില്ല. |
| (സി) | എന്തു തുക ഈ ഇനത്തിൽ ബഡ്ജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; എയർപോർട്ടിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ; | (സി) | ഈ വർഷത്തെ ബഡ്ജറ്റിൽ 35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2012 ൽ നിർമ്മാണം ആരംഭിച്ച് 2014 - ൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഈ സർക്കാർ ഇതിനകം എയർപോർട്ട് കമ്പനിക്ക് എന്തു തുക നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (ഡി) | ഗവൺമെന്റ്, എയർപോർട്ട് കമ്പനിയായ കിയാലിന് 2010-11 ൽ 34.06 കോടി രൂപ നല്കിയിട്ടുണ്ട്. കിയാലിന് വേണ്ടി ഈ വർഷം ഭൂമി ഏറ്റെടുക്കുന്ന വകയിൽ 11.81 കോടി രൂപ (പലിശ, ഗ്യാറന്റി കമ്മീഷൻ എന്നീ ഇനങ്ങളിൽ )നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ